# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *72 — 10.02.2016 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെയും, ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാനുള്ള നിയമനിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സാജു പോൾ :<br>,, ബി. സത്യൻ :<br>,, സി. കെ. സദാശിവൻ :<br>,, കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളുടെയും, ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ നിയമ നിർമ്മാണം നടത്തുമെന്ന് 2011 മുതൽ പലതവണ നൽകിയ ഉറപ്പ് പാലിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ; | (എ) | 2013 -ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230 -ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ സമ്മേളനത്തിലും നിയമസഭ പരിഗണിക്കേണ്ടതായ ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതും ആയവ സഭയുടെ അംഗീകാരത്തിനായി നൽകുന്നതും, നിയമസഭയുടെ കാര്യോപദേശക സമിതിയാണ്. പ്രസ്തുത സമിതി കേരള നിയമസഭയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ട പ്രകാരം ഗവൺമെന്റ് ബില്ലുകളുടെ ചർച്ചക്കായി നിയമസഭ നീക്കിവയ്ക്കേണ്ട സമയം ശുപാർശ ചെയ്യുന്നു. അപ്രകാരം നിയമസഭ ചർച്ചക്കെടുക്കേണ്ട ബില്ലുകളുടെ മുൻഗണനാ ക്രമം നിശ്ചയിച്ചുകൊണ്ട് കാര്യോപദേശക സമിതി നൽകുന്ന റിപ്പോർട്ട് പരിഗണിച്ചാണ് സഭ ബിൽ പരിഗണനയ്ക്കെടുക്കുന്നത്. സമയക്കുറവ് മൂലമാണ് സഭയിൽ ഇത് ഇതേവരെ പരിഗണനയ്ക്കെടുക്കാൻ കഴിയാതെ വന്നത്. |
| (ബി) നിയമത്തിന്റെ അഭാവത്തിൽ സ്വകാര്യ ആശുപത്രികളിലെയും ലബോറട്ടറികളിലെയും ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും സേവന നിലവാരം ഉറപ്പാക്കാനും സാധിക്കാതെ പോയത് സ്വകാര്യ ആശുപത്രികൾക്കും ലബോറട്ടറികൾക്കും വൻചൂഷണത്തിന് വഴിയൊരുക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും സേഫ് കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് അതോറിറ്റി എന്ന നിലയിൽ ലബോറട്ടറികൾ പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ